# വിസ്മയം

little KITEs

2019

വി.വി.എച്ച്.എസ്സ്.എസ്സ്

താമരക്കുളം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# വിസ്മയം

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## VVHSS താമരക്കുളം

## 2019



കേരളം നേരിട്ട സമാനതകളില്ലാത്ത പ്രളയദുരന്തത്തിൽപ്പെട്ട നിരാലംബരായ സഹജീവികൾക്ക് സാദരം സമർപ്പിക്കുന്നു.......

# ഉള്ളടക്കം


6 പുതു അറിവുകൾ

9 സി.വി.രാമൻ

10 ഇന്റർനെറ്റ് അടിമത്തം

13. വെട്ടിക്കോട്ട് ചാൽ

17 തോൽവി സമ്പ്രദായം തിരിച്ചു വരുമ്പോൾ

20 പിങ്കിശ്രീകാന്തിന്റെ കവിതകൾ

21 ആകാശത്തെ കാഴ്ചകൾ..കവിത

22 2018 ലെ നോമ്പരക്കാഴ്ചകൾ

24 കവിതാശകലങ്ങൾ

27 പ്രകൃതിയെ കാത്തുസംരക്ഷിക്കാം.... വരും തലമുറയ്ക്കായി

31 മരം

32 ധനുഷ്കോടി



ഇരുട്ടിൻന്റെ ചിറകടികൾ......

ഉയരുന്ന നൊമ്പര ശ്വാസങ്ങൾ ....

കേഴുന്ന പുഴ........

കാലം തെറ്റി വീണ പൂക്കൾ

പിഴുതെറിയപ്പെട്ട തരു ജാലകം

പുതിയ പ്രകാശം തിരയുമ്പോൾ

അതിജീവനത്തിന്റെ തിരയിളക്കം

കേളികൊട്ടുയരുകയായ് ......

പുതിയ കരുത്തായി ഉണരുവാൻ ഉയരാൻ.....

എഡിറ്റർ.....



സമ്പാദക ..... കൃഷ്ണഭാരതി....9.H

# പുതു അറിവുകൾ

## ആദിത്യ -L1

സൂര്യനെ കുറിച്ച് പഠിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രഥമ ദൗത്യമായ ആദിത്യ -L1 പ്രവർത്തനം ആരംഭിച്ചത് 2008 ലാണ് 2020 ന് മുമ്പ് ആദിത്യയുടെ വിക്ഷേപണം നടത്താൻ തീരുമാനിച്ചിട്ടുള്ളത് സൂര്യൻറെ ഉപരിതലമായ കൊറോണയെ പറ്റി വിശദമായി പഠിക്കുകയാണ് ആദിത്യയുടെ ലക്ഷ്യം.



## ഗോൾഡ് മാൻ പ്രൈസ്


പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന 6 വ്യക്തികൾക്ക് വർഷംതോറും ഈ പുരസ്കാരം നൽകുന്നു . സാൻഫ്രാൻസിസ്കോ ആസ്ഥാനമായ ഗോൾഡ് മാൻ എൻവിയോൺമെൻറ് ഫൗണ്ടേഷനാണ് ഈ പുരസ്കാരം നൽകുന്നത് .ജീവകാരുണ്യ പ്രവർത്തകനായ റിച്ചാർഡ് ഗോൾഡ്മാൻ ആണ് ഈ ഫൗണ്ടേഷൻ സ്ഥാപിച്ചത് 1990 മുതൽ ഈ പുരസ്കാരം നൽകിവരുന്നു .ഇന്ത്യക്കാരായ ആറുപേർ ഈ പുരസ്കാരം നേടിയിട്ടുണ്ട് 1992 ൽ മേധാപട്കറും 2017 പ്രഫുല്ല സാമന്തര യും പുരസ്കാരത്തിന് അർഹരായി.



മേധാപട്കർ

## സോഫിയ


സംസാരിക്കാനും വികാര പ്രകടനം നടത്താനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ട് വിഭാഗത്തിൽപ്പെട്ട യന്ത്രമനുഷ്യൻ



**ആണ് സോഫിയ 2017 ഒക്ടോബർ 25 ന് സൗദിഅറേബ്യ സോഫിയയ്ക്ക് പൗരത്വം നൽകി . ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഹാൻസൺ റോബോട്ടിക്സ് എന്ന കമ്പനിയാണ് സോഫിയയെ നിർമ്മിച്ചത്. ഈ കമ്പനിയുടെ തലവൻ അമേരിക്കക്കാരനായ ഡേവിഡ് ഫ്രാങ്കിൻ ആണ്.**

***അന്ത്യ ഘടികാരം [DOOMSDAY CLOCK]***

**യുദ്ധം കാലാവസ്ഥാവ്യതിയാനം തുടങ്ങി ലോകം നേരിടുന്ന കടുത്ത ഭീഷണികളെ പറ്റി ഭരണാധികാരികളെയും നേതാക്കളെയും ബോധ്യപ്പെടുത്താനുള്ള പ്രതീകാത്മക രീതിയാണിത് .1947 ൽ ചിക്കാഗോ സർവകലാശാലയാണ് ഇതിന്റെ ആരംഭം .പ്രശസ്ത ശാസ്ത്രജ്ഞർ അടങ്ങിയ ഒരു സംഘത്തെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 2006 ൽ വടക്കൻ കൊറിയയുടെ ആണവ പരീക്ഷണത്തെ തുടർന്ന് 2007 ജനുവരി ഏഴിന് doomsday ക്ലോക്കിൽ ഭൂമിയുടെ സർവനാശത്തിലേക്ക് ഉള്ള സമയം 7 മിനിറ്റിൽ നിന്ന് 5 മിനിറ്റ് ആയി കുറഞ്ഞിരിക്കുന്നു എന്ന പ്രഖ്യാപനം ലോകത്തോട് നടത്തി ക്രമീകരിച്ചത്പ്രശസ്ത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്സ് ആണ്.**




***ടൈം ക്രിസ്റ്റൽ***

**പുതിയൊരു ദ്രവ്യാവസ്ഥക്കൂടി സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. ടൈം ക്രിസ്റ്റൽ അഥവാ സ്പേസ് ടൈം ക്രിസ്റ്റൽ എന്നാണ് പുതിയ ദ്രവ്യാവസ്ഥയുടെ പേര് ട്രാൻസിലേഷൻ സിമട്രി ബ്രേക്കിംഗ് എന്ന പ്രതിഭാസം പ്രദർശിപ്പിക്കുന്ന അതിന്റെ സൈദ്ധാന്തിക ഭാഷ നേരത്തെ തന്നെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു .2017 മാർച്ചിലാണ് ഈ ദ്രവ്യരൂപം പരീക്ഷണശാലയിൽ നിർമ്മിക്കപ്പെട്ടത്. ആറ്റങ്ങളോ തന്മാത്രകളോ സവിശേഷമായി വിന്യസിക്കപ്പെട്ടിട്ടുള്ള ഖരവസ്തുക്കൾ ആണ് ക്രിസ്റ്റലുകൾ. ഇവയിലെ ആറ്റങ്ങൾ ക്രമ രൂപത്തിൽ ആവർത്തിച്ച് കാണപ്പെടുന്നു . എന്നാൽ ടൈം ക്രിസ്റ്റലിൽ ആറ്റങ്ങൾ ക്രമമായി അല്ല കാണപ്പെടുന്നത് . സമയത്തിനനുസരിച്ച് അവ വ്യത്യസ്ത ക്രമം പാലിക്കുന്നു .**



## ബോഗിബീൽ പാലം



ബ്രഹ്മപുത്രാ നദിക്ക് കുറുകെ അസമിലെ ദിബ്രുഗഡി നെയും അരുണാചൽപ്രദേശിലെ പാസി ഘ ട്ടിനെയും ബന്ധിപ്പിച്ചുകൊണ്ടാണ് ഇന്ത്യയിലെ ഏറ്റവും വലിയ ഈ പാലം നിർമിക്കപ്പെട്ടിരിക്കുന്നത് 4.94 കി.മി നീളമുണ്ട് ഇതിന്. രണ്ട് തട്ടുകളായിട്ടാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത് .മുകളിലത്തെ തട്ടിൽ മൂന്നുവരി റോഡ് ഗതാഗതവും താഴത്തെ തട്ടിൽ രണ്ടുവരി റെയിൽ ഗതാഗതവും സാധ്യമാണ്.

## കൃത്രിമബുദ്ധി (Artificial intelligence, AI)

*യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഈ മേഖലയിലെ പ്രധാന ഗ്രന്ഥങ്ങൾ നിർവചിക്കുന്നതനുസരിച്ച് കൃത്രിമ ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും". വിവേകമുള്ള യന്ത്രങ്ങൾ എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാനുള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ" ആണ്. 1965 ൽ ഈ വാക്ക് ആദ്യമായി ഉപയോഗിച്ച ജോൺ_മാക്കാർത്തി നിർവചിക്കുന്നത് "ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാനുള്ള ശാസ്ത്രവും എൻജിനീയറിങ്ങും" എന്നാണ്. തുടങ്ങിയത്. 1956 ൽ ഡാർട്ട്മൗത്ത് കോളേജിൽ നടന്ന ഒരു സമ്മേളനത്തിൽവച്ചാണ് ഇതിന്റെ ഔപചാരികമായ തുടക്കം കുറിക്കുന്നത്*

# സി.വി.രാമൻ



1888 നവംബർ 7-ന്,തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ,ചന്ദ്രശേഖര അയ്യരുടേയും പാർവതി അമ്മാളുടേയും രണ്ടാമത്തെ മകനായി ചന്ദ്രശേഖര വെങ്കിട്ടരാമൻ ജനിച്ചു. അഞ്ച് ആണ്മക്കളും മൂന്നു പെണ്മക്കളുമായി ഈ ദമ്പതികൾക്ക് എട്ട് മക്കളാണ് ഉണ്ടായിരുന്നത്. രാമന് നാലുവയസ്സുള്ളപ്പോൾ, പിതാവിന് വിശാഖപട്ടണത്തുള്ള എ.വി.എൻ. കോളേജിൽ അദ്ധ്യാപകനായി ജോലി ലഭിച്ചു. അവിടെ അദ്ദേഹം ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയാണ് പഠിപ്പിച്ചിരുന്നത്. അച്ഛനോടൊപ്പം വിശാഖപട്ടണത്തെത്തിയ രാമന് ഇതുകൊണ്ട് വിദ്യാഭ്യാസകാലഘട്ടത്തിൽ നല്ലൊരു പഠനാന്തരീക്ഷം ലഭിച്ചു.

1921ൽ യൂറോപ്പിൽ നിന്നുള്ള കപ്പൽയാത്രയിൽ കടലിന്റെ നീലനിറം നിരീക്ഷിച്ചുകൊണ്ട് രാമൻ ആരംഭിച്ച പ്രകാശപഠനത്തിന്റെ തുടർച്ചയായാണ് അദ്ദേഹവും വിദ്യാർഥികളും ചേർന്ന് 1928ൽ 'രാമൻ പ്രഭാവം' കണ്ടുപിടിച്ചത്. 1930ൽ നൊബേൽ പുരസ്കാരം നേടിയ രാമൻ, 1933ൽ ബാംഗ്ലൂരിലെ 'ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സയൻസി'ന്റെ ഇന്ത്യക്കാരനായ ആദ്യ ഡയറക്ടറായി ചുമതലയേറ്റു. ആരോടും വിട്ടുവീഴ്ച ചെയ്യാത്ത സ്വഭാവമായിരുന്നു രാമന്റേത്. അത് കൊൽക്കത്തയിൽ ഒട്ടേറെ ശത്രുക്കളെ ഉണ്ടാക്കി. ആരെയും അനുനയിപ്പിക്കാനോ ശത്രുത അവസാനിപ്പിക്കാനോ രാമൻ ശ്രമിച്ചില്ല. അതൊടുവിൽ കൊൽക്കത്തയുമായുള്ള ബന്ധം തന്നെ പൂർണമായും വിടർത്തുന്ന അവസ്ഥയിലായി.1933-ൽ കൊൽക്കത്ത വിട്ട് ബാംഗ്ലൂരിലേക്ക് രാമൻ ചേക്കേറുമ്പോൾ ഭൗമശാസ്ത്രജ്ഞൻ സർ എൽ.എൽ. ഫെർമോർ ഇങ്ങനെ അഭിപ്രായപ്പെട്ടു: 'കൽക്കത്തയുടെ നഷ്ടം ബാംഗ്ലൂരിന്റെ നേട്ടമാകും. നിലവിൽ ഇന്ത്യയിൽ ശാസ്ത്രഗവേഷണത്തിന്റെ ആസ്ഥാനം കൽക്കത്തയാണ്. എന്നാൽ, ഇവിടുത്തെ പ്രധാന ശാസ്ത്രജ്ഞരിലൊരാൾ ബാംഗ്ലൂരിലേക്ക് മാറുന്നതോടെ കൽക്കത്തയ്ക്ക് ആ ആടയാഭരണം അഴിച്ചുവെയ്ക്കേണ്ടി വരും'.1930കളുടെ തുടക്കംവരെ ആരാലും ശ്രദ്ധിക്കപ്പെടാതിരുന്ന ബാംഗ്ലൂർ ഇന്ന് ഇന്ത്യയുടെ 'ശാസ്ത്ര തലസ്ഥാനം' എന്ന വിശേഷണം പേറുന്നത് രാമന്റെ സാന്നിധ്യമാണ്.

*ഇംഗ്ലണ്ടിൽനിന്ന് തിരിച്ചുള്ള യാത്ര, ചരിത്രപ്രസിദ്ധമായ കണ്ടുപിടുത്തത്തിന് വഴിതെളിച്ചു മധ്യധരണ്യാഴിയിലൂടെയുള്ള ആ കപ്പൽയാത്രയിൽ, സമുദ്രത്തിന്റെ നീലനിറത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ അദ്ദേഹത്തിന് താല്പര്യം ജനിച്ചു. അങ്ങനെ പ്രകാശത്തിന്റെ വിസരണം (Scattering of Light) എന്ന പ്രതിഭാസത്തെക്കുറിച്ച് പഠിക്കാനും അതുവഴി രാമൻ പ്രഭാവം (Raman Effect) എന്ന കണ്ടെത്തലിന് തുടക്കം കുറിക്കാനും സാധിച്ചു. ദ്രാവകങ്ങളിലെ പ്രകാശത്തിന്റെ വിസരണവുമായി ബന്ധപ്പെട്ട പ്രതിഭാസമാണ് രാമൻ പ്രഭാവം. കടലിന് നീലനിറം എങ്ങനെ ലഭിക്കുന്നു എന്ന ചോദ്യമാണ് ഈ പ്രതിഭാസത്തിന്റെ വിശദീകരണം കണ്ടെത്താൻ രാമനെ പ്രേരിപ്പിച്ചത്. 1928 ഫെബ്രുവരി 28 ന് ഇത് പ്രസിദ്ധീകരിക്കുകയും 1930-ൽ ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയും ചെയ്തു[3]. 'ഒരു സുതാര്യമാധ്യമത്തിലൂടെ കടന്നു പോകുമ്പോൾ പ്രകീർണ്ണനം (dispersion) സംഭവിക്കുന്ന ഏകവർണ്ണപ്രകാശത്തിൽ (monochromatic light) ചെറിയൊരു ഭാഗത്തിന് തരംഗദൈർഘ്യത്തിൽ വ്യത്യാസമുണ്ടാകുന്ന പ്രതിഭാസം ആണ് രാമൻ പ്രഭാവം' (Raman effect)'.*




Sir CV Raman Explaining Raman Effect



**മെറിൻ ജോയി...9.A**


# ഇന്റർനെറ്റ് അടിമത്തം




മൊബൈൽഫോണും ഇന്റർനെറ്റ് കണക്ടിവിറ്റിയും വ്യാപകമായതോടെ മലയാളിയുടെ ഊണും ഉറക്കവും തൊട്ട് പ്രണയവും വരെ ഓൺ ലൈനായി കഴിഞ്ഞു.

തൊണ്ണൂറുകളുടെ അവസാനത്തോടെയാണ് ഇന്റെർനെ റ്റ് അതിന്റെ തേരോട്ടം തുടങ്ങിയത്. ആശയവിനിമയം, വിജ്ഞാന സമാഹരണം, ക്രയ വിക്രയങ്ങൾ, പണമിടപാടുകൾ, തുടങ്ങിയ ഒട്ടനേകം മേഖലകളിൽ ഇന്റർനെറ്റ് സൃഷ്ടിച്ചത് അത്ഭുതാവഹ മായ വിപ്ലവം തന്നെയാണ്. ദിനേനയെന്നോണം പുതിയ സോഫ്റ്റ് വെയറുകൾ രംഗത്തിറങ്ങികൊണ്ടിരിക്കുകയാണ്. ഇന്ന് എന്തിനും ഏതിനും സോഫ്റ്റ് വെയറുകൾ ഉണ്ട്. അപാരമായ സാധ്യതകളു ടെ ആകാശ വാതായനങ്ങൾ തുറന്നിടുന്ന ഇന്റർനെറ്റ് പ്രലോഭന ങ്ങളുടെ സൂപ്പർ മാർക്കറ്റ് കൂടിയാണെന്ന വകതിരിവുകൂടി വേണം അത് ഉപയോഗിക്കുന്നവർക്ക്.

ഇന്റെനെറ്റിൽ ഗെയിം കളിച്ചും ചാറ്റ് ചെയ്തും സെർച്ച് ചെയ്തും കുട്ടികൾ എത്തിപ്പെടുന്നത് പലപ്പോഴും അഡിക്ഷ നോളം വളർന്ന ലഹരിയുടെ വഴികളിലാ ണ്. കുട്ടികളിൽ പ്രത്യേകിച്ചും കൗമാര ക്കാരുടെ ഇടയിൽ ക്രമാധീതമായി വർധി ച്ച് കൊണ്ടിരിക്കുന്ന ഇന്റർനെറ്റ് ഉപയോ ഗം ഇവരുടെ വ്യക്തിപരവും സാമൂഹിക വുമായ ബന്ധങ്ങളിൽ വരുത്തുന്ന മാറ്റ ത്തിന് തെളിവുകളേറെയാണ്. വീട്ടിനു ള്ളിലും പറമ്പുകളിലും പാടങ്ങളിലും ഒച്ച വെച്ചും ഓടിക്കളിച്ചും ചെളിപുരണ്ടും നട ക്കേണ്ട ബാല്യത്തെ, വീടിന്റെ നാല് ചുവ രുകൾക്കുള്ളിൽ ഇലക്ട്രിക് യന്ത്രങ്ങൾക്ക് മുന്നിൽ തളച്ചിടുന്ന രക്ഷിതാക്കൾ അവ രെ പരിസരവുമായും പ്രകൃതിയുമായും സഹജീവികളുമായും സമൂഹവുമായും ഉള്ള ബന്ധങ്ങൾക്ക് വിലങ്ങ് തടിയാവു കയാണ്.



കുട്ടികളിലെ ഇന്റർനെറ്റിന്റെ അമിതോപയോഗം രക്ഷിതാക്കളുടെയും അധ്യാപകരുടെയും ശ്രദ്ധയിൽപെടുന്നത് അവർ പഠനത്തിൽ പിന്നോക്കം പോകു മ്പോഴാണ്. പഠനത്തിൽ ശ്രദ്ധിക്കാനുള്ള കഴിവ് കുറയുക, താൽപര്യം കുറയുക, ക്ലാസിൽ ഉറങ്ങുക തുടങ്ങിയവ ഇത്തര ക്കാരിൽ കണ്ട് വരുന്ന മറ്റു ലക്ഷണങ്ങ ളാണ്. പലപ്പോഴും ഇവർ ക്രമേണ കൂട്ടു കാരുമായുള്ള ചങ്ങാത്തം കുറയുകയും കുടുംബാംഗങ്ങളുമായുള്ള സംഭാഷണ ത്തിൽ താൽപര്യം കാണിക്കാതിരിക്കു ക യും ചെയുന്നു. പകരം മുഴുവൻ സമയ വും ഇന്റർനെറ്റിന്റെ ലോകത്തേക്ക്

ഉൾവലിയുവാനാണ് ഇവർക്ക് താൽപര്യം. ഒരു തരം അന്തർ മുഖത്വം അവരിൽ വളരും. സദാ

തലവേദന, ഉറക്കമില്ലായ്മ, കോപം, ഏകാന്തത, ക്ഷീണം, കണ്ണ് വേദന, പിരി മുറുക്കം, അമിത വണ്ണം, എന്നിവ ഇന്റർ നെറ്റ് അമിതോപയോഗക്കാരിൽ കൂടുത ലായി കണ്ട് വരുന്നു. കുഞ്ഞുങ്ങളുടെ കരച്ചിൽ മാറ്റാൻ അവരെ കമ്പ്യൂട്ടറിന്റെ മുമ്പിലിരുത്തി തടിതപ്പാൻ നോക്കുന്ന മാതാപിതാക്കളുടെ പ്രവണത താൽക്കാ ലിക ഗുണത്തിനപ്പുറം വളരെ ഗുരുതരമാ യ പ്രശ്നങ്ങൾ കുഞ്ഞുങ്ങളിൽ ഉണ്ടാക്കു ന്നു. താരാട്ടും തലോടലുമായി മാറേണ്ട മാതാപിതാക്കൾ കമ്പ്യൂട്ടറും മൊബൈ ലും വാങ്ങിക്കൊടുത്ത് കുട്ടികളെ സമാശ്വ സിപ്പിക്കാൻ ശ്രമിക്കുന്നു. പക്ഷേ ഇത്തരം കുട്ടികളിൽ മാനസികവും ശരീരികവുമാ യി ഉണ്ടാകുന്ന അപകടം രക്ഷിതാക്കൾ ക്ക് താങ്ങാനാവുന്നതിലപ്പുറമായിമാറും എന്നതാണ് യാഥാർത്ഥ്യം.

കുട്ടികളെ ഇന്റർനെറ്റ് അടിമ ത്തതിൽ നിന്ന് രക്ഷിക്കാൻ മാതാപിതാ ക്കൾ ജാഗരൂകരാകണം. കുട്ടികളുമായി, പ്രത്യേകിച്ച് കൗമാരക്കാരായ കുട്ടികളുമാ യി ആത്മബന്ധം പുലർത്തുക, അവരുമാ യി സംസാരിക്കുവാനും സന്തോഷങ്ങളും ഉത്കണ്ഠകളും പങ്കുവെക്കാനും സമയം കണ്ടെത്തുക. കുട്ടികളുടെ ദൗർബല്യങ്ങ ളെ മനസ്സിലാക്കുകയും അതോടൊപ്പം അവരുടെ കഴിവുകളെ പ്രോത്സാഹിപ്പി ക്കുകയും ചെയുക. അമിതമായി കുറ്റപ്പെ ടുത്തുകയോ നിയന്ത്രിക്കുകയോ ചെയു ന്നതിന് പകരം കുട്ടികളെ കൂടുതൽ സ്നേ ഹവാത്സല്ല്യത്തോടെ തെറ്റുകൾ തിരു ത്താൻ സഹായിക്കുക.

ആരോഗ്യകരമായ ഇന്റർനെറ്റ് ഉപയോഗത്തിനുള്ള നിബന്ധനകൾ വീട്ടി ൽ പ്രാവർത്തികമാക്കുക. മാതാപിതാക്ക ൾ തങ്ങളുടെ ഇന്റർനെറ്റ് ഉപയോഗത്തി ൽ നിയന്ത്രണം വരുത്തുകയും കുട്ടികളി ലെ ഇന്റർനെറ്റ് ഉപയോഗത്തിൽ ശ്രദ്ധ പുലർത്തുകയും ചെയുക. കമ്പ്യൂട്ടർ എ ല്ലാവരും കാണാൻ സാധിക്കുന്ന തരത്തി ൽ ഹാളിലോ മറ്റോ വെക്കുക. കുട്ടികൾ ഉപയോഗിക്കുന്ന സോഷ്യൽ നെറ്റ് വർ ക്കിംഗ് സൈറ്റുകളിൽ മതാപിതാക്കളും അംഗങ്ങളാകുക. അവരുടെ പ്രവർത്തന ങ്ങളിൽ മാതാപിതാക്കൾ ശ്രദ്ധിക്കുന്നുണ്ട് എന്ന ചിന്ത ഉണ്ടാക്കുക. ഒഴിവു സമയ ങ്ങളിലേക്ക് ഫലപ്രദമായ പദ്ധതികൾ അവരോടൊന്നിച്ചിരുന്ന് തയാറാക്കുക.



**രാകേഷ്...9.i**

# വെട്ടിക്കോട്ട് ചാൽ

ഓണാട്ടുകരയുടെ കാർഷിക പെരുമയും അനിഷേധ്യ സ്ഥാനമാണ് വെട്ടിക്കോട്ട് ചാലിന് ഉള്ളത് . ഭരണിക്കാവ്, ചുനക്കര ഗ്രാമ പഞ്ചായത്തുകളിൽ പരന്നുകിടക്കുന്ന ഈ ചാൽ ഒരുകാലത്ത് വിശാലമായ നെൽപ്പാടങ്ങൾക്ക് ആവശ്യമായ ജലസമൃദ്ധിസമൃദ്ധിയെ ആവോളം പ്രധാനം ചെയ്തിരുന്നു. ജൈവവൈവിധ്യത്തിന്റെ കലവറയായിരുന്നു ചാൽ ഉൾപ്പെടുന്ന പ്രദേശം .വിവിധങ്ങളായ മത്സ്യസമ്പത്തിന്റെ വറ്റാത്ത ഖനിയായിരുന്നു ഈ പ്രദേശം . അനാദികാലം ആയി സസ്യ ജീവജാലങ്ങൾക്കും സൂക്ഷ്മജീവികൾ വിഹാരരംഗം ഒരിക്കിയ തെളിനീരിടം.



കതിർ നിറഞ്ഞാടുന്ന പാടങ്ങളും ചാലിൻന്റെ പരിശുദ്ധിയും ഇന്ന് മനുഷ്യൻന്റെ കടന്നുകയറ്റവും കരുതൽ ഇല്ലായ്മയും അജ്ഞതയും മൂലം അപ്രത്യക്ഷമായിരിക്കുന്നു. ചാൽ ഇന്ന് ഒരു പ്രദേശത്തിൻറെ ശാപമായി മാറിയിരിക്കുന്നു ആവശ്യമില്ലാത്ത എന്തും വലിച്ചെറിയാവുന്ന ഒരിടം. K.P റോഡിന് ഇരുവശത്തുമായി ഉള്ള ഈ ചാലിൽ ഇറച്ചി മാലിന്യം ,ആശുപത്രി മാലിന്യം ,ഹോട്ടൽ മാലിന്യം ,രാസ വസ്തുക്കൾ കൊണ്ടുപോകുന്ന ടാങ്കറുകൾ

കഴികുന്ന വെള്ളം എന്നിവ ഇടുന്നതു മൂലം ഗുരുതരമായ പരിസ്ഥിതി പ്രശ്നം നേരിട്ടുകൊണ്ടിരിക്കുകയാണ്താമരക്കുളം വി.വി. എച്ച്എസ്എസിലെ സയൻസ് ക്ലബ് കുട്ടികൾ കുറച്ചുനാൾമുമ്പ് ചാലിനെക്കുറിച്ച് നടത്തിയ ശാസ്ത്രീയ പഠനം ഗുരുതരമായ പാരിസ്ഥിതികപ്രശ്നങ്ങൾ ഈ പ്രദേശത്ത് ഉള്ളതായി കണ്ടെത്തി .പരിസരത്തിലെ കുടിവെള്ള സ്രോതസുകളിൽ ജലത്തിലെ രാസ മാലിന്യങ്ങളുടെ സാന്നിദ്ധ്യം അനുവദനീയമായതിലും വളരെയധികമാണ്. മണ്ണിൻന്റെ ഘടനതന്നെ വളരെ മാറിയിരിക്കുന്നു .അതിലെ വെള്ളത്തിന്റെ സ്വാഭാവികനിറം ഇല്ലാതായി. അനാവശ്യമായ കളകൾ നിറഞ്ഞ് വിഷമയമായിരിക്കുന്നു .നൂറുകണക്കിന് പക്ഷികൾക്കും ജീവികൾക്കും ചാലിലെ സ്വാഭാവികാവസ്ഥയിൽ ഇവിടെ പാർക്കാൻ കഴിഞ്ഞിരുന്നു.അവയെല്ലാം അപ്രത്യക്ഷമായിരിക്കുന്നു.

ചാലിന്റെ സംരക്ഷണത്തിനായി നിരവധി സമരങ്ങൾ വി വി എച്ച് എസിലെ കുട്ടികൾ നടത്തുകയും അധികാരകേന്ദ്രങ്ങളിൽ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .മാലിന്യനിക്ഷേപം തടയാൻ ക്യാമറ ഉൾപ്പെടെ സ്ഥാപിക്കാൻ നടത്തിയ സമരങ്ങൾ ജലരേഖകളായി മാറി.

മണ്ണിനെയും ജലത്തെയുംസംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എമ്പാടും നടക്കുന്ന ഈ കാലത്ത്ചാൽ നിൽക്കുന്ന പ്രദേശം സംരക്ഷിച്ച് ഒരു പാർക്ക് നിർമ്മിച്ച് സൗന്ദര്യവൽക്കരണം നടത്തിയാൽ ഒരു സംസ്കൃതിയുടെ ഭാഗമായ ഈ സുന്ദര പ്രദേശത്തെ നാളെക്കായി പരിരക്ഷിക്കാം.





സോനു.പി.എസ്....9.I




# കാൽനട യാത്രക്കാർ പാലിക്കേണ്ട നിയമങ്ങൾ

കാൽനടക്കാർ റോഡുകളിൽക്കൂടി നടക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങൾ ഇവയാണ്:

- നടപ്പാത ഉണ്ടെങ്കിൽ അത് ഉപയോഗിക്കുക
- നടപ്പാത ഇല്ലാത്തിടത്ത് മുന്നിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണത്തക്കവിധം റോഡിന്റെ വലതുവശത്തുകൂടി നടക്കുക
- റോഡിൽ കൂട്ടമായി നടക്കാതിരിക്കുക
- രാത്രിയിൽ ടോർച്ച് ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ വെള്ള നിറമോ നേരിയ നിറമുള്ളതോ ആയ വസ്ത്രം ധരിക്കുക
- റോഡ് മുറിച്ചുകടക്കുന്നതിനു മുൻപ് ഇരുവശങ്ങളിലേക്കും നോക്കി വാഹനങ്ങൾ വരുന്നില്ലെന്ന് ഉറപ്പാക്കിയശേഷം സീബ്രാ ക്രോസിങ്ങിലൂടെ മറുവശത്തേക്കു നടക്കുക. (എന്നാൽ സീബ്രാ ക്രോസിങ്ങ് വഴി ഓടാൻ പാടില്ല.) സബ് വേയോ ഓവർ ബ്രിഡ്ജോ ഉണ്ടെങ്കിൽ അതുപയോഗിക്കുക. കാൽനടക്കാർക്കായി ഗ്രീൻ ലൈറ്റുണ്ടെങ്കിൽ അത് തെളിയുമ്പോൾ മാത്രം റോഡ് ക്രോസ് ചെയ്യുക,
- ഓടുന്ന വാഹനങ്ങളിൽ ഓടിക്കയറാതിരിക്കുക
- വാഹനങ്ങളുടെ പിന്നിലൂടെ റോഡിലേക്കു കടക്കാതിരിക്കുക
- റോഡിൽ കൂട്ടം കൂടി നിന്ന് മാർഗതടസ്സം സൃഷ്ടിക്കാതിരിക്കുക
- റോഡുകൾ കളിസ്ഥലങ്ങളാക്കാതിരിക്കുക
- വാഹനത്തിൽ പിടിച്ചുകൊണ്ട് പിന്നാലെ നടക്കാതിരിക്കുക.



കാൽനടയാത്രക്കാർ ട്രാഫിക് നിയമങ്ങൾ ശ്രദ്ധിച്ചാൽ വളരെയേറെ അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

By... അലീന.....5.B

# മഹത്ത് വചനങ്ങൾ

- ഒരു അവസരം പാഴാക്കാതിരിക്കുക അവസരം എല്ലാ ദിവസവും വന്നു മുട്ടി വിളിയില്ല എന്ന് വരികയില്ല -ബർണാഡ് ഷാ.

- സമൂഹത്തിൽ മാറ്റംവരുത്താൻ എല്ലാവരും ചിന്തിക്കുന്നു എന്നാൽ സ്വയം മാറ്റംവരുത്താൻ ആരും ചിന്തിക്കുന്നില്ല- ടോൾസ്റ്റോയ്.

- മഹത്തായ ഒരു ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ തന്നെ ആനന്ദവും ആഹ്ലാദവും കുറെയൊക്കെ നേട്ടവുമുണ്ട്- നെഹ്റു.

- മൃഗത്തിന് പുൽത്തകിടി പോലെയും കടൽ കോഴിക്ക്പാറ പിളർപ്പ് പോലെയും മത്സ്യത്തിന് നദി പോലെയാണ് ശ്വസിക്കുന്ന ആത്മാക്കൾക്ക് തിരുവചനം- മാർട്ടിൻ ലൂഥർകിംഗ്

- സ്വഭാവവൈശിഷ്ട്യം ഇല്ലാത്തവന്റെ ജ്ഞാനം ശവത്തിൽ പുരട്ടിയ സുഗന്ധതൈലം പോലെയാണ്- മഹാത്മാ ഗാന്ധി.


- ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം -എ.പി.ജെ.അബ്ദുൾ കലാംഉദ്ദേശവും
- ലക്ഷ്യവും ഇല്ലാത്ത വൈര്യവും പരിശ്രമവും ധൈര്യവും അപൂർണ്ണമാണ് . ജോൺ .എഫ് .കെന്നഡി



വിഗ്നേഷ്

9.B

# *തോൽവി സമ്പ്രദായം തിരിച്ചു വരുമ്പോൾ*



സുഗതൻ എൽ. ശൂരനാട്
അദ്ധ്യാപകൻ വി.വി.എച്ച്.എസ്.എസ് താമരക്കുളം
(സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ),

നമ്മുടെ പൊതുവിദ്യാലയങ്ങളിൽ തോൽവി സമ്പ്രദായം തിരിച്ചു വരുമ്പോൾ അത് ഈ രംഗത്ത് സമ്മിശ്രഫലം ഉളവാക്കുവാനാണ് സാധ്യത. സ്കൂൾ തലം കഴിഞ്ഞ് ഹയർസെക്കണ്ടറി തലത്തിലെത്തുന്ന കുട്ടികൾക്ക് മാതൃഭാഷ ഉൾപ്പെടെയുള്ള ഭാഷാവിഷയങ്ങളും മറ്റ് വിഷയങ്ങളിലെ അടിസ്ഥാന തത്വങ്ങളും അറിഞ്ഞുകൂടാത്ത സ്ഥിതി വിശേഷം ചെറിയ തോതിലെങ്കിലും നിലനിൽക്കുന്നുണ്ട്. യൂ പി ക്ളാസുകളിൽ ഭാഷാ വിഷയങ്ങളിലെ കുറവുകൾ പരിഹരിക്കുന്നതിനായി ഹലോ ഇംഗ്ലീഷ്, മലയാള തിളക്കം തുടങ്ങിയ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത് ആശ്വാസ്യമാണ്. നമ്മുടെ കുട്ടികൾക്ക് ഗുണപരമായ മാറ്റം ഇതിലൂടെ ഉണ്ടായിട്ടുമുണ്ട്. എന്നാൽ ഇത്തരം പദ്ധതികൾ ഭാവിയിൽ ലോവർ പ്രൈമറി ക്ളാസുകളിലേക്ക് മാത്രമായി നടപ്പാക്കിയാൽ അത് കുറേക്കൂടി പ്രയോജനകരവും പ്രായോഗികവും ആയിരിക്കും. കുട്ടി, അപ്പർ പ്രൈമറി ക്ലസ്സെത്തുന്നതിനു മുൻപായി ഭാഷാ വിഷയങ്ങളും കണക്കിലെ അടിസ്ഥാന വിവരങ്ങളും കൈകാര്യം ചെയ്യുവാൻ പ്രാപ്തനായാൽ ഉപരി ക്ളാസുകളിൽ എത്തുമ്പോൾ അവന്റെ പഠനപുരോഗതിയിൽ വലിയ മാറ്റത്തിന് കാരണമാകും. അദ്ധ്യാപകർക്കും ഇത് ആശ്വാസമായിരിക്കും. ഉയർന്ന ക്ളാസുകളിലെ പാഠഭാഗങ്ങൾ കൂടുതൽ വിശദമായും വിശാലമായും ക്ളാസുകളിൽ അവതരിപ്പിക്കുവാൻ കഴിയും, അതിലൂടെ തന്റെ ജോലിയിൽ ആത്മസംതൃപ്തിനേടുവാനുംഅദ്ധ്യാപകന്കഴിയും.

രാജ്യസഭ പാസാക്കിയ പുതിയ നിയമമനുസരിച്ച് അഞ്ചാം ക്ളാസിലും എട്ടാം ക്ളാസിലും തോൽവി സമ്പ്രദായം തിരിച്ചു കൊണ്ടുവരുമ്പോൾ തോൽക്കുന്ന കുട്ടികൾക്ക് പുനഃപരീക്ഷ നടത്തി വിജയിപ്പിക്കാനാണ് നീക്കം. എന്നാൽ ഇത് വെറും പ്രഹസനമായി മറുവാനാണ് സാധ്യത. കാരണം മറ്റൊന്നുമല്ല സ്കൂളിലെ പുനഃ പരീക്ഷ എഴുതിയ ആരും തോറ്റിട്ടില്ല എന്നത് തന്നെ. ഇതിലൂടെ കുട്ടി ആർജിക്കേണ്ട അറിവുകൾ നേടുമെന്നുള്ളതിൽ യാതൊരുറപ്പുമില്ല. വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും തോൽവി സമ്പ്രദായവും ശിക്ഷണവും നിർത്തലാക്കിയതിനു ശേഷം എന്തുകൊണ്ടോ നമ്മുടെ സ്കൂളുകളിലെ ഭൂരിഭാഗം കുട്ടികളും പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നില്ല എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ കുട്ടികളിൽ പഠനത്തിലുള്ള മത്സരബുദ്ധിയും ആവശ്യകതാ ബോധവും തുലോം കുറഞ്ഞിട്ടുണ്ട് എന്നുള്ളതും ശ്രദ്ധേയമായ വസ്തുതയാണ്. ഇത് പഠനവിധേയമാക്കേണ്ട ഒന്നാണ് .കുട്ടി അഞ്ചാം ക്ളാസെത്തുന്നതിനു മുൻപായി തന്നെ അവൻ നേടേണ്ട അറിവുകളും (ഭാഷാവിഷയങ്ങൾ കൈകാര്യം ചെയ്യാനും, സംഖ്യാബോധവും ക്രിയകളും ) പഠനത്തിന്റെ പ്രാധാന്യവും മറ്റും കുട്ടി നേടിയെന്ന വസ്തുത ഓരോ അദ്ധ്യാപകനും രക്ഷിതാവിനും ബോധ്യപ്പെടണം. അങ്ങനെ ആയാൽ തോൽവി സമ്പ്രദായം ഇല്ലാതെ തന്നെ ഒരു പരിധി വരെ ഈ വിഷയത്തിന് പരിഹാരം ആകുമെന്നാണ് പ്രതീക്ഷ. ഇപ്പോഴത്തെ ഭൂരിഭാഗം കുട്ടികളും ജീവിത സുഖങ്ങളും ജയവും മാത്രം നേടി വളരുകയാണ്. അത് നമ്മുടെ ജീവിത സംസ്കാരത്തിന്റെ മറ്റൊരു മുഖം.

ജീവിതമാകുന്ന നാണയത്തിലെ നാണയത്തിലെ ഇരു വശങ്ങളാണ് സുഖവും ദു:ഖവും. എന്നാൽ ഭൂരിഭാഗം കുട്ടികളും സുഖം മാത്രം അനുഭവിച്ചാണ് വളരുന്നത്. ഇതിന് പ്രോത്സാഹനം നൽകുന്നത് മറ്റാരുമല്ല സ്വന്തം രക്ഷിതാക്കൾ തന്നെയാണ്. "ഞാൻ വളരെ കഷ്ടപ്പെട്ട് ദുരിതം അനുഭവിച്ചാണ് ഈ നിലയിലെത്തിയത് അതുകൊണ്ട് എന്റെ മക്കൾ അങ്ങനെ ബുദ്ധിമുട്ടുവാൻ, അനുഭവിക്കുവാൻ പാടില്ല. അവർക്ക് ഒരു കുറവും വരുവാൻ ഇടയാകരുത് "എന്നാണ് പല രക്ഷിതാക്കളുടെയും ഭാഷ്യം. പക്ഷേ തീർത്തും അനാരോഗ്യകരമായ ഒരു കാഴ്ചപ്പാടാണ് അത്. നമ്മുടെ ജീവിത പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളും വിഷമതകളും സാമ്പത്തിക കാര്യങ്ങളും എല്ലാം അറിഞ്ഞു കൊണ്ട് തന്നെ നമ്മുടെ കുട്ടികൾ വളരണം. ഗൾഫിൽ പണിയെടുക്കുന്ന കൂടുതൽ പേരും അവിടുത്തെ പ്രയാസങ്ങൾ ഒന്നും തന്നെ കുടുംബാങ്ങങ്ങളുമായി പങ്കുവെക്കാറില്ല. എന്നാൽ ഇതും തെറ്റായ ഒരു രീതിയാണ്. ജീവിത പ്രതിസന്ധികളും പരാജയങ്ങളും അതിജീവിച്ച തന്നെ നമ്മുടെ കുട്ടികൾ വളർന്നുവരണം എന്നാണ് എന്റെ പക്ഷം. നമ്മുടെ വീട്ടിലെ സാമ്പത്തിക സ്രോതസുകളും അതിന്റെ പ്രാധാന്യവും വിനിയോഗവും ഒക്കെത്തന്നെ കുട്ടികൾ ഉൾപ്പെടെ കുടുംബത്തിലെ എല്ലാ അംഗങ്ങളും അറിഞ്ഞിരിക്കണം. ചെറുപ്രായത്തിൽത്തന്നെ അവരെ ചെറിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ പ്രാപ്തരാക്കണം.ഇത് അവനിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. തിരക്കേറിയ ഈ ജീവിത യാത്രയിൽ ഒരു ദിവസം പത്തുമിനിറ്റെങ്കിലും മറ്റെല്ലാം മാറ്റിവെച്ച് അവരുമായി അന്നന്നുള്ള എല്ലാ കാര്യങ്ങളും മനസുതുറന്നു പറയുവാൻ കഴിയണം. അവരോട് പൊട്ടിച്ചിരിക്കുവാനും പൊട്ടിക്കരയുവാനും കഴിയണം. എന്നാൽ ഈ അടുത്ത കാലത്തായി സോഷ്യൽ മീഡിയയുടെ കടന്നുകയറ്റം കുടുംബ ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തിയിട്ടുണ്ടെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. നമ്മുടെ കുട്ടികളും അറിഞ്ഞോ അറിയാതയോ ഇതിൽ വീണുപോകുന്നതും അവരുടെ പഠനത്തെ ബാധിക്കുന്നുണ്ട്. ഇരുപത്തിമൂന്ന് വയസ്സിനുള്ളിൽ ഒരു കുട്ടിയും സ്വന്തമായി മൊബൈൽ വാങ്ങാതിരിക്കുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. അതുപോലെ തന്നെ പ്രൈമറി ക്ലാസുമുതൽ ഹയർസെക്കണ്ടറി തലം വരെയെങ്കിലും കുട്ടികൾ, വീട്ടിൽ നിന്നും സ്കൂളിൽ പോയി വരുന്നത് വരെയുള്ള ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും തന്റെ രക്ഷിതാക്കളോട് അല്ലെങ്കിൽ അദ്ധ്യാപകരോട് തുറന്നു പറയുവാൻ പ്രാപ്തരാക്കണം. അല്ലെങ്കിൽ അങ്ങനെ ശീലിപ്പിക്കണം. ഇതിനിടയിൽവെച്ച് കുട്ടി എപ്പോഴെങ്കിലും വീട്ടുകാരുമായി ആശയങ്ങൾ പങ്കുവെക്കുവാൻ വൈമനസ്യം കാണിക്കുന്നുവെങ്കിൽ ഒന്നുറപ്പിക്കാം അവൻ അല്ലെങ്കിൽ അവൾ എന്തോ കുഴപ്പത്തിൽ ചെന്ന് ചാടിയിട്ടുണ്ടാകും എന്ന്.അതുപോലെ തന്നെ പല രക്ഷിതാക്കളും കുട്ടിയെ താഴ്ന്ന ക്ലാസിൽ കൊണ്ട് ചേർത്തതിന് ശേഷം പത്താം ക്ളാസിലെ രക്ഷാകർത്താ മീറ്റിങ്ങിനായിരിക്കും എത്തുക. ഇതും തിരുത്തേണ്ട കാര്യമാണ്. കുറഞ്ഞത് രണ്ടുമാസം കൂടിയിരുന്നെങ്കിലും തന്റെ കുട്ടിയുടെ പഠനനിലവാരം അറിയുവാൻ രക്ഷിതാക്കൾ സ്കൂളിലെത്തണം. അതേപോലെ തിരിച്ചും, കുട്ടിയുടെ ജീവിത സാഹചര്യങ്ങൾ മനസിലാക്കുവാൻ അദ്ധ്യാപകനും കഴിയണം. കുട്ടികൾ വഴിതെറ്റി പോകാതിരിക്കുവാൻ ഈ കരുതൽ കൂടുതൽ ഉപകരിക്കും.

കാര്യങ്ങൾ ഇങ്ങനെയൊക്ക ആയിരിക്കെ തോൽവി സമ്പ്രദായം തിരികെ കൊണ്ട് വരുമ്പോൾ ഇതൊന്നും താങ്ങാൻ കഴിയാത്ത കുട്ടികൾ മാനസിക ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ, അത് പിന്നെ കുട്ടികളുടെ മേലുള്ള അവകാശ ലംഘനമായി, പീഡിപ്പിക്കലായി അങ്ങനെ എല്ലാവരും ആകെ കുഴപ്പത്തിലായി എന്ന സ്ഥിതിയിലുമാകാം . ആയതിനാൽ വരും തലമുറയെ ജീവിതത്തിൽ ഉടനീളം കരുത്തുള്ളവരായി, കാര്യപ്രാപ്തിയുള്ളവരായി, ലക്ഷ്യബോധമുള്ളവരായി വാർത്തെടുക്കുവാൻ നമുക്ക് ഒരുമിച്ച് പോരാടാം.






സമ്പാദക

ഗൗരി.ജി....9G



ഉരുട്ടാം ഓടിക്കാം എടുക്കാൻ വയ്യ -കണ്ണ്

ഇത്തിരി മുറ്റത്തു അഞ്ചു കഴുക്കോൽ -കൈവിരൽ

കാലിൽ പിടിച്ചാൽ തോളിൽ കയറും- കുട

കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ് -സൂചി

ജല ജന്തുവായി ജനിച്ച ഗാനകോകിലം ആയിമാറി -കൊതുക്

ഞാൻ പെറ്റ കാലം മീൻ പെറ്റ പോലെ വാലറ്റ് കാലം ഞാൻ പെറ്റ പോലെ -തവള

കുട്ടി തിന്നാൻ ഒന്നാന്തരം ഒറ്റയ്ക്കായാൽ ആർക്കും വേണ്ട -ഉപ്പ്

അടയ്ക്കും തുറക്കും മണിമുത്തം പത്തായം -കണ്ണ്

അടിക്കു വെട്ട് നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട് -നെല്ല്

അകം ഇല്ലാ പുറം ഇല്ല ഞെട്ടില്ലാ വട്ടയില -പപ്പടം



# പിങ്കിശ്രീകാന്തിന്റെ കവിതകൾ

## പ്രണയത്തിന്റെ ഒസ്യത്ത്

മൂടില്ലാത്താളിയുടെ വേരുകളിൽ
ഒന്നിലാണ് ഞാൻ എൻന്റെ ഹൃദയം
നിനക്കായി കൊടുത്തയക്കുന്നത്.....
കരുതിവയ്ക്കുക ...
വെയിൽ മരത്തിന്റെ തെക്കേ
ചില്ലയിലെ പൊത്തിൽ വർണ്ണ
കടലാസിൽ പൊതിഞ്ഞ കുറെ
ഉമ്മകൾ ഞാൻ പാത്തു വച്ചിട്ടുണ്ട്
അത് നിനക്കുള്ളതാണ്....
എടുത്തുകൊൾക...
മഞ്ഞു മരത്തിൻന്റെ ഇലച്ചാർത്തു
കൾക്കിടെ
ഉറഞ്ഞു പോയ ചില
കുറുകലുകൾ ഉണ്ട്.....
പറ്റുമെങ്കിൽ അതും ..
പിന്നേ
മഴ മരത്തിന്റെ എത്താ കൊമ്പത്ത്
മറന്നു വെച്ച ...
അല്ലേൽ വേണ്ട..
അത് നീ എടുക്കേണ്ട ,
കാരണം..
മഴ മരത്തിൽ മറന്നു വെച്ചത് ..ന്റെ
കവിതയാണ്....
അത് എനിക്ക് മാത്രം ആകട്ടെ...





അദ്ധ്യാപിക
വി.വി.എച്ച്.എസ്.എസ്
താമരക്കുളം



# ആകാശത്തെ കാഴ്ചകൾ

മിന്നിത്തിളങ്ങുന്ന നക്ഷത്ര കുഞ്ഞുങ്ങൾക്ക്
ആരു നല്ക്ൽകി ഈ ചന്തം !
സൂര്യനെ എന്തിന് പേടിക്കുന്നു ?
അമ്പിളിമാമൻ കൂട്ടിനില്ലേ?
സൂര്യൻ മറയുന്ന നേരത്തു നീ
എവിടെ നിന്നു ഓടി വരുന്നുവോ?
മേഘങ്ങൾ നിന്നെ മറിച്ചിടുന്നോ
അതോ പേടിച്ചിട്ടാണോ കൂട്ടുകാരേ?
പൂക്കള് വാരിവിതറിയ പോലെ
കാണുവാൻ എന്തൊരു ഭംഗിയാണ്!
കാർമേഘം ഉള്ളപ്പോൾ നിന്നെ ആർക്കും
കാണുവാൻ പറ്റാത്തത് എന്തുകൊണ്ടോ?
കണ്ടിട്ടും കണ്ടിട്ടും മതിയാവുന്നില്ല
നിന്റെയീ കാഞ്ന ഭംഗി !
ഞാനും വരട്ടെയോ നിൻറെ ഒപ്പം
എന്നെയും കൂട്ടുമോ കൂട്ടുകാരാ
ആകാശത്തിനെ നിന്നുകൊണ്ട്
ഭൂമിയെ കണ്ടുരസിക്കയല്ലോ?
പ്രഭ തൂകി നീ നിന്നുകൊണ്ട്
രാത്രിയെ കോൾമയിർ കൊള്ളിക്കുന്നു.



മാനസി.ട..9G

# 2018 ലെ നോമ്പരക്കാഴ്ചകൾ

ANSAL MAHIM

൯.C










# ***Vaikkom Vijayalakshmi***




Vaikkom Vijayalakshmi is a gifted singer with a unique voice.She is blind by birth.Right from early childhood she showed extraordinary talent in singing .She could easily identify the RAGA of a song even if heard for the first time .She learned music without any formal training in music . She is also an expert at playing Gayathri Veena. She is also a playback singer Katte Katte sung by her in the Malayalam movie Celluloid won great appreciation



നന്ദന.s.k....9F

## കവിതാശകലങ്ങൾ

**ആശാനക്ഷരമൊന്നു പിഴച്ചാലമ്പത്തൊന്നു പിഴക്കും ശിഷ്യന്. .....കുഞ്ചൻ നമ്പ്യാർ**

**ചോര തുടിക്കും ചെറുകയ്യുകളേ, പേറുക വന്നീ പന്തങ്ങൾ ...............വൈലോപ്പിള്ളി.**

**സ്നേഹമാണഖിലസാരമൂഴിയിൽ.....................................................................കുമാരനാശാൻ**

**മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളേ താൻ.....കുമാരനാശാൻ**

**"ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം; കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ"............................................................................................... ..ഉള്ളൂർ**

**നാട്യപ്രധാനം നഗരം ദരിദ്രം നാട്ടിൻപുറം നന്മകളാൽ സമൃദ്ധം ...*കുറ്റിപ്പുറം കേശവൻ നായർ***

**ഒരൊറ്റമതമുണ്ടുലകന്നുയിരാം പ്രേമ,മതൊന്നല്ലോ.....ഉള്ളൂർ**

**ശ്രീഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ- യാഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ......കുമാരനാശാൻ**

**ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന- മൃതിയിൽ നിനക്കാത്മശാന്തി! ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക് ഹൃദയത്തിലിന്നേ കുറിച്ച ഗീതം..........................................  *ഒ.എൻ.വി.കുറുപ്പ്***



**Collected by ......Devu  .9.C**

**ആൻമറിയ ..9.G (ചിത്രം..പെൻസിൽ)**





**മിഥുൻ.എം**
**9.I**

# ***Success on your way***

success is not a matter of luck .success is within everyone's physical social educational or economic limitation. success should be earned and it demand sustained hard work, courage and imagination .If you want the good thing in life you have to work hard.'Never give up" should be your watch word for success.Be alert to stat in race and keep fighting and you will win surely

" "Let all my songs gather together their diverse strains into a single current and flow to a sea of silence in one salutation to thee."



-

JERIN SAJI

9.G

# പ്രകൃതിയെ കാത്തുസംരക്ഷിക്കാം.... വരും തലമുറയ്ക്കായി



റാഫിരാമനാഥ് ..H.S.A.. VVHSS താമരക്കുളം

മണ്ണും,വായുവും,ജലവും മനുഷ്യൻെറ ജീവന ചുറ്റുപാടുകളൊക്കെയും ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു.കാലം തെറ്റി പെയ്യുന്ന മഴയും,രൂക്ഷമായ ചൂടും,പ്രളയവും,ഓഖിയും,സുനാമിയും എല്ലാം വരാനിരിക്കുന്ന സർവ്വനാശത്തിൻെറ സൂചനകളാണ്.മനുഷ്യൻ, പ്രകൃതിയെ അതിജീവിക്കുന്നതിനായി വികസിപ്പിച്ചെടുത്ത എല്ലാ സാങ്കേതിക വിദ്യകളും , കേരളം നേരിട്ട മഹാപ്രളയത്തിൽ നോക്കുകുത്തികളാകുന്നത് നാം കണ്ടു.യക്ഷിക്കഥകളിലെ പോലെ റോഡുകളിലൂടെ പുഴ ഒഴുകുന്നതും നാം കണ്ടു.കുത്തിയൊലിച്ചു വന്ന മലവെള്ളത്തിൽ ഒലിച്ചുപോയത് ജീവനുകളും,ജനങ്ങളുടെ കരുതലുകളും ആണ്.ഈ മഹാപ്രളയം ഉണ്ടാക്കിയ നഷ്ടങ്ങളിൽ നിന്ന് കരകയറി ,നാടിൻെറ പുനർനിർമ്മാണത്തിന് കുറഞ്ഞത് 20 വർഷമെങ്കിലും എടുക്കും.

ഭൂമുഖത്ത് മനുഷ്യൻ ഒഴികെയുള്ള ജീവികൾ പ്രകൃതിയോട് ഇണങ്ങി ജീവിക്കുമ്പോൾ,വിവേകശൂന്യനായ മനുഷ്യൻ പ്രകൃതിയെ അവൻെറ ഇഷ്ടത്തിന് രൂപമാറ്റം വരുത്തുന്നു.പ്രകൃതിയെ സൂക്ഷ്മതയോടെ സമീപിച്ച് വരുംതലമുറയ്ക്ക് കൂടി ലഭ്യമാകത്തക്ക രീതിയിൽ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

പഴയ തലമുറകളുടെ നന്മകളെല്ലാം എറിഞ്ഞുടച്ച്, ലാഭക്കൊതിയോടെ പ്രകൃതിയെ കണ്ടവർ വിതച്ചത് വിനാശത്തിൻെറ വിഷവിത്തുകൾ ആയിരുന്നു.പ്രകൃതിയെ കാത്തുസംരക്ഷിക്കുന്നതിനുള്ള കടമ വിദ്യാർത്ഥി സമൂഹം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.ഹരിതകേരളം പദ്ധതിയിലൂടെ സർക്കാർ വലിയ മുന്നേറ്റം ലക്ഷ്യമിടുന്നു.ജൈവവൈവിധ്യ സംരക്ഷണം,മാലിന്യ സംസ്കരണം,ജൈവകൃഷി തുടങ്ങി പരിസ്ഥിതിയെ പരുക്കുകൾ ഇല്ലാതെ നിലനിർത്താൻ പൊതുസമൂഹത്തിൻെറ പങ്കാളിത്തത്തോടെ കേരള സർക്കാരിൻെറ ശ്രമം അഭിനന്ദനീയമാണ്.

നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യസംസ്കരണം.പ്ലാസ്റ്റിക് എന്ന വില്ലൻ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് കഴിയുന്നില്ല.പ്ലാസ്റ്റിക്കിൻറെ ഉപയോഗം കുറയ്ക്കുകയും,ഉപയോഗിച്ച പ്ലാസ്റ്റിക് പുനർനിർമ്മാണത്തിന് കൈമാറുകയും ചെയ്യുക എന്നതാണ് മാർഗ്ഗം.ഈ അവസരത്തിലാണ് ഗ്രീൻപ്രോട്ടോക്കോൾ (ഹരിതനിയമാവലി )നടപ്പിലാക്കേണ്ടതിൻറെ ആവശ്യകത ബോധ്യപ്പെടുന്നത്.നമ്മുടെ പൊതുഇടങ്ങളിലും,ഓഫീസുകളിലും,വീ

ചെറിയ തോതിലെങ്കിലും വീടുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാവാറുണ്ട്.അവ കത്തിച്ചു കളയുകയോ ,മണ്ണിൽ കുഴിച്ചിടുകയോ ചെയ്യാറാണ് പതിവ്.പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്ത് വരുന്ന വിഷവാതകങ്ങളിൽ ഡയോക്സിനും,ഫുറാനും ശ്വാസകോശ രോഗങ്ങൾക്കും,കാൻസറിനും കാരണമാകുന്നു.മണ്ണിൽ കുഴിച്ചിടുന്നത് മഴവെള്ളം മണ്ണിലേക്ക് ഇറങ്ങുന്നതിനെ തടസ്സപ്പെടുത്തുകയും,മരങ്ങളുടെ വേരുകളുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

വീടുകളിൽ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുകയും, ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളെ കഴുകി വൃത്തിയാക്കി ഉണക്കി ശേഖരിച്ച് പുനർനിർമ്മാണത്തിന് നല്കുക എന്നതാണ് മാർഗ്ഗം.എണ്ണയുടെയും,**പാലിൻറെയും,ബിസ്ക്കറ്റിൻറേയും ഉൾപ്പെടെയുള്ള കവറുകൾ ഇത്തരത്തിൽ പുനർനിർമ്മാണത്തിന് കൈമാറാം.ആലപ്പുഴ,മാവേലിക്കര ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ച് കൊണ്ട് മാതൃക കാട്ടി.**

പർവ്വതങ്ങളെയും,സമുദ്രത്തെയുംകാറ്റിനെയുമൊക്കെ ആരാധിച്ചിരുന്ന ഒരു സമൂഹം ഇവിടെ നിലനിന്നിരുന്നു.മരം മുറിക്കുന്നതിന് മുൻപ് മരങ്ങളോടും,അതിൽ വസിക്കുന്ന ജീവികളോടും അനുവാദം ചോദിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു.കാവുകളിൽ വിളക്ക് വെക്കുമ്പോൾ ആരാധിക്കേണ്ടത് പ്രകൃതിയെ ആണെന്ന് വരുംതലമുറകളെ അവർ ഓർമ്മിപ്പിക്കുകയായിരുന്നു.പ്രകൃതി സംരക്ഷിക്കപ്പെടണം... നമുക്ക് വേണ്ടി...വരും തലമുറയ്ക്ക് വേണ്ടി...


## പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലൂടെ.....



ജൈവവൈവിധ്യ പാർക്ക്



പ്ലാസ്റ്റിക് ശേഖരണം.പുനർനിർമ്മാണത്തിനായി



ജൈവകൃഷിത്തോട്ടം ഉത്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി.രജനിജയദേവ് നിർവ്വഹിച്ചു.



നാടിനെ പച്ച പുതപ്പിക്കാൻ നഴ്സറി ഒരുക്കി പരിസ്ഥിതി ക്ലബ്

# Knowledge Is Power



Knowledge is almost everything because it has the ability to make a physically weak person a most strong person of the world it gives everything in the life like money, power, name, Fame, success and position . Knowledge gives a person ability to understand, analyse make better decisions and evolve most intelligent thoughts. It gives us feeling of well being and helps to improve the lives of us and people to understand who you truly are.

Chesterfield says about knowledge" Knowledge is a comfortable and necessary retreat and shelter for us in advanced age, and if we do not plant it while young,it will give us no shade when we grow old"

BIJO.B

9.E

# മരം

മരമേ മരമേ നീ വാടുമ്പോൾ

മഴയെച്ചെന്ന് വിളിക്കാം ഞാൻ

മഴപെയ്യുമ്പോൾ അടിമുടി നീയാം
മഴവെള്ളത്തിൽ കുളിരട്ടെ.

പാറി തളരും പൂമ്പാറ്റയ്ക്കായ്
പൂക്കളെ മെല്ലെ ഉണർത്താം ഞാൻ
പൂവിൽ ഇരുന്നവർ പതിയെ കാറ്റിൽ
പൂന്തേൻ മധുരം നുകരട്ടെ
അകലേയ്ക്കകലേയ്ക്കാകാശത്തെ
അതിരില്ലാതെ വളർത്താം ഞാൻ
പറവകളെല്ലാമോന്നിച്ചിവിടെ
ചിറകുവിടർത്തി പാറട്ടെ .
നമ്മുടെ ഭൂമി നമ്മൾക്കെല്ലാംമോരമ്മയെ
പ്പോലെന്നോതാം ഞാൻ
നന്മ നിറഞ്ഞവർ മക്കൾ മുഴുവൻ

തമ്മിൽത്തമ്മിൽ പുണരട്ടെ

അപർണ്ണാ രാജ്

9.A



# ധനുഷ്ക്കോടി

തീത്തിര
തീണ്ടിയ
തീവണ്ടിപ്പാളത്തിന്റെ
ഇളം നീല
ഭൂപടത്തിൽ ,

കാറ്റു വന്നു തൊട്ടാൽ മാത്രം
കടലാവുന്നൊരു
കവിത പോലെ
കാലം
ഉപ്പിലിട്ടു
വച്ചിട്ടുണ്ട്
മഞ്ഞിലുറഞ്ഞ്
മഹാ മൗനമായൊരു
കുരിശുപള്ളി ...
അത്
സ്വപ്നം കാണുന്നുണ്ടിപ്പൊഴും,
നടുക്കടലിന്റെ
നട്ടുച്ചയിൽ
നിലവിളിച്ചോടുന്ന
കരിവണ്ടിയെ....
അതിന്നുള്ളിൽ
ആഴ പ്രപഞ്ചത്തിന്റെ
അസ്തമിക്കാത്ത
നിഗൂഢതയെ
മങ്ങി
മങ്ങിക്കത്തുന്നൊരു
കാത്തിരിപ്പിന്റെ
കണ്ണിലേയ്ക്ക്
പകർത്തിയെഴുതുന്ന
**യാത്രക്കാരനെ ...**

*1964 ലെ പ്രകൃതി ക്ഷോഭത്തിൽ നഷ്ടപ്പെട്ടുപോയ ധനുഷ്ക്കോടി എന്ന നഗരത്തെക്കുറിച്ചും 115 യാത്രക്കാരുമായി കടലിൽ പോയ തീവണ്ടിയെ കുറിച്ചുമുള്ള ഒരു ഓർമ്മ*



*ആർ..ശ്രീ ലാൽ, HSST, VVHSS, താമരക്കുളം*

## *THE WORLD AT FINGER TIPS*

**Communicative link it is**
**Yet the bond is so strong**
**Binded to the informative hub,**
**Eager to know more and more**
**Routine it became**
**Notions melted within minutes**
**Every time tested new**
**Time bowed before me like a slave**

## വിരൽത്തുമ്പിലെ ലോകം

**അറിയാതെ പറയാതെ വന്നു നീ**
**ഒരു മാത്ര കൊണ്ടേ അടുത്തുപോയി**
**വിസ്മയമായ ഈലോകത്തേക്ക്**
**അറിയാതെ ആണ്ടു ഞാൻ**

**വിസ്മൃതിയിൽ.**
**പകലുകൾ രാവുകൾ വന്നുപോയി**
**അറിവിൻറെ മായികലോകത്തെത്തി**
**എന്തിനുമേതിനും കൂട്ടുകൂടി**
**ഉരുക്കി അലിയിക്കും അഗ്നിയായി**
**ഊറ്റം കൊള്ളാവുന്ന**
**സതീർത്ഥ്യനായി.**

**ഉലകം ചുറ്റാനുള്ള മോഹവുമായി**
**ഉണ്ടും ഉറങ്ങാതെയും ഏകനായി**
**ഉയിരിനെപ്പോലും മറന്നു പാടെ**
**ഉയരങ്ങൾ താണ്ടി ഈ ഉലകിൽ.**
**ഇല്ലില്ല ജീവിതം വേറെയെന്നു**
**വെറുതെ നിനച്ചിരുന്നു പോയി**
**കാലങ്ങളേറെ കൊഴിഞ്ഞുപോയി.**





SOUMYA
HSA
VVHSS Thamarakulam

## കവിതകൾ



പത്മജ.നായർ
അദ്ധ്യാപിക
VVHSS താമരക്കുളം

### കരുണ...

അഴലാർന്ന നിന്റെയീ -
ജീവിതയാതന ഞാന-
റിയാതെ പോയല്ലോ കുഞ്ഞേ .....

കരതാരിലുള്ളൊരാ -
കരിനീലപ്പാട്ടുകൾ
കാണാതെ പോയല്ലോ കുഞ്ഞേ....
ഉരുകുന്നു മനമിന്നു,
ഉണരുന്നു ചിന്തയും...
കൊടിയ പാപത്തിന്റെ
കനലാൽ.....
അറിവിന്റെ തിരിനാളം
തെളിയേണം കുടിലിലും
കരുതാമവർക്കായി കരുണ...
കരുതാമവർക്കായി കരുണ...

### ചുട്ടുതാണ്ഡവം


ഉരുകുന്ന ഭൂമിയിലുണ -
രട്ടെ മർത്യൻ....
ഉയിരറ്റുപോകാതിരിക്കാൻ...
കൊട്ടുംവേനലീ ചുട്ടുതാണ്ഡവ -
മാടിക്കഴിഞ്ഞിനിയെന്തു
ശേഷിക്കുമിവിടെ ?
ചുട്ടുകാറ്റിനോടൊത്തു
കേൾക്കുന്ന ദലമർമ്മരത്തിന്റെ
തേങ്ങലാണീ ഭൂമിനീളെ.....
അരുവിക്കൊഴുകുവാനു -
റവയും വറ്റിപ്പോയ്,
വിരഹിണി തടിനിയും
നിന്നുപോയ്! നിശ്ചലം...
മുളം തണ്ടുരുമ്മിയ
കാട്ടുതീ ജ്വാലയാൽ
കൊട്ടുംകാട്ടു ചുട്ടുകാട്ടുപോലെ.....
നനവാർന്ന ഭൂമിയെ
ഊഷരമാക്കിയീ -
കുളിരേകും കാനനം
കാണാമറയത്തു മാക്കി,
തെളിവാർന്ന തടിനിയെ
കാളിന്ദിയാക്കി......
തുടരുന്നു ജൈത്യ പ്രയാണം.
ഒടുവിലൊരു പൂജ്യം പോലെ -
ത്തുമീ ഞങ്ങളുമാദിയിൽ
തുടരുവാനാകാത്തൊരുലകിൽ...
തുടരുവാനാകാത്തൊരുലകിൽ...

## എലിയും പാമ്പും(കഥ)



**അരണ്യാരാജ്..9.A**

ഒരിടത്ത് ഒരിടത്ത് ആൾത്താമസമില്ലാത്ത ഒരു വീട്ടുണ്ടായിരുന്നു. ആ വീട്ടിൽ ഒരു പറ്റം എലികളും വീടിനു ചേർന്നുള്ള കാവിലെ പാമ്പുകളും താമസിച്ചിരുന്നു. എലികൾ എപ്പോഴും സന്തോഷവാൻമാരും സന്തോഷവതികളു.അവർ സ്നേഹബന്ധങ്ങൾക്ക് വില കൽപ്പിച്ചിരുന്നു .പാമ്പുകൾ സ്നേഹമില്ലാത്ത വരുമായിരുന്നു .കാലം കടന്നുപോയി പിന്നീട് ഒരു പാമ്പ് വീട്ടിൽ കുറെയധികം എലികൾ താമസിക്കുന്നു എന്ന് മനസ്സിലാക്കി . മറ്റ് പാമ്പുകളോട് കാര്യം പറഞ്ഞു. പിന്നീട് വേനൽക്കാലം ആയി പാമ്പുകളുടെ ഭക്ഷണം കുറഞ്ഞുവന്നു അന്നുമുതൽ എലികളെ ഭക്ഷണമാക്കാൻ തുടങ്ങി .ഓരോ ദിവസം കഴിയുംതോറും എലികളുടെ എണ്ണം കുറഞ്ഞുവന്നു .അങ്ങനെ എലികളും പാമ്പുകളും ശത്രുക്കളായി. ദിവസവും ഓരോ എലികളെ പാമ്പുകൾ ഭക്ഷണമാക്കി എത്ര പരിശ്രമിച്ചിട്ടും എലികൾക്ക് പാമ്പിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ദിവസങ്ങൾ കടന്നുപോയി അപ്പോഴേക്കും എലികളിൽ പകുതിയിൽ കൂടുതൽ പേരെ പാമ്പ് ഭക്ഷണമാക്കി. പിന്നീട് ഒരു ദിവസം വലിയ എലിയെ ഭക്ഷണമാക്കാൻ എത്തിയ പാമ്പുകൾ കണ്ടത് അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ടു കരയുന്ന കുഞ്ഞുങ്ങളെയാണ് . അപ്പോൾ പാമ്പിന് എലി കുഞ്ഞുങ്ങളോട് ദയ തോന്നുകയും സ്വന്തം സന്തോഷത്തിനുവേണ്ടി മറ്റുള്ളവരെ വേദനിപ്പിക്കരുത് എന്ന ഗുണപാഠം മനസ്സിലാക്കുകയും ചെയ്തു




വര
മുഹമ്മദ് ഹാഷിം...9.H

# തോൽവിയെ അറിഞ്ഞവൻ

ജീവിതത്തിലെ നഷ്ടങ്ങൾ ഭൂമിയിൽ ഇരുൾ കയറുമ്പോൾ വാനിലൂടെ ഉയരുന്ന നക്ഷത്രങ്ങൾ പോലെയാണ്. നേട്ടങ്ങൾ മാത്രമല്ല വീഴ്ചയും താഴ്ചയും നിറഞ്ഞതാണ് ജീവിതം അതിനെയെല്ലാം തരണം ചെയ്തു മുന്നേറുമ്പോഴാണ് ജീവിതവിജയം എന്തെന്ന് അറിയാൻ കഴിയുക പുതുതലമുറയിൽ ഒരു പക്ഷത്തിന് തോൽവി എന്തെന്ന് അറിയുന്നില്ല .എന്നാൽ ജീവിതത്തിൽ തോൽക്കണം എന്നല്ല ഉദ്ദേശിക്കുന്നത് തോൽവി ഒരു നാണയത്തി ന്റെ രണ്ടുവശങ്ങളാണ്.തോൽവിയറിഞ്ഞാലെ ജയിക്കണമെന്ന തോന്നൽ ഉണ്ടാകൂ . എന്നാലേ ജീവിതത്തിൽ എന്തെങ്കിലും നേടിയെടുക്കാൻ സാധിക്കു .


അതി മിടുക്കനായ ബുദ്ധിസാമർത്ഥ്യം ഉള്ള നല്ലപോലെ പഠിക്കുന്ന ഒരു കുട്ടി .എല്ലാക്കാര്യത്തിലും മുൻപിൽ മുതിർന്നവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന വൻ എല്ലാ വിഷയത്തിലും ഒന്നാമൻ. മുഖ്യ പരീക്ഷ അടുക്കാറായി . എല്ലാവരും ഉറപ്പിച്ചു ഈ പരീക്ഷയോടു കൂടിയവൻ ഈ ലോകം മുഴുവൻ അറിയപ്പെടും. ആമിന ഇതുവരെ തോൽവി അറിഞ്ഞിട്ടില്ല. പരീക്ഷ എഴുതാൻ അവൻ വിദ്യാലയത്തിലേക്ക് കയറി എന്തോ എഴുതുവാൻ കഴിയുന്നില്ല ഒരസ്വസ്ഥത . നന്നായി പരീക്ഷയെഴുതാൻ അവന് കഴിഞ്ഞില്ല .പൊട്ടിക്കരഞ്ഞുകൊണ്ട് അവൻ പുറത്തേക്കോടി . പരീക്ഷ നന്നായി എഴുതാൻ കഴിഞ്ഞില്ല എന്ന വിവരം അവൻ ആരോടും പറഞ്ഞില്ല. അവസാനം റിസൽട്ട് ദിവസമെത്തി. എല്ലാവർക്കും സന്തോഷം പക്ഷേ അവൻ മാത്രം ദുഃഖത്തിൽ ആയി .പ്രതീക്ഷിച്ച പോലെ തന്നെ സംഭവിച്ചു മാർക്ക് വളരെ കുറവ്. വീട്ടുകാരുടെ കുറ്റപ്പെടുത്തലുകൾ നാട്ടുകാരുടെ പരിഹാസവും ,പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അവൻ തീരുമാനിച്ചു ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ല . ഒരുമുഴം കയറിൽ അവൻറെ ജീവിതം അവസാനിപ്പിച്ചു. എന്നാൽ യഥാർത്ഥത്തിൽ അവൻ തോൽവി അറിഞ്ഞത് അവൻറെ കഴുത്തിൽ കയർ മുറുകിയപ്പോഴാണ്.

"തോൽവിയെ ഭയന്ന് ആരും ജീവിതം അവസാനിപ്പിക്കരുത്"


മിഥുൻ...9.C

## വര...ഭവിൻ സുഗതൻ



അതുൽ കൃഷ്ണൻ.8I






വര...നന്ദന നായർ..9C






അശ്വതി വിജയൻ
**9.A**





ജീവിതം

മഴ പറഞ്ഞു
മരിച്ചുപോയെന്ന്
വെയിൽ പറഞ്ഞു ജനിച്ചിട്ടേയില്ലെന്ന്
ഇലയിൽ കയറി മഞ്ഞു പറഞ്ഞു
ഇപ്പോഴുമുണ്ട്
ഉരുകി ഉരുക്കായിരുന്നതിനാൽ

സോണിയ റെയ്ച്ചൽ മാത്യു
Std IX.G



വര.......സൂരജ്.....9.A

# വേറിട്ട പ്രവർത്തനങ്ങൾ



പ്രളയമേഖലയിലെ വിദ്യാർത്ഥികൾക്ക് താമരക്കുളം വി.വി.എച്ച്.എസ്.എസിൻറെ സ്നേഹ സ്പർശം.50000 രൂപയുടെ പഠനോപകരണങ്ങൾ.



പ്രളയമേഖലയിലേക്ക് താമരക്കുളം വി.വി.എച്ച്.എസ്.എസ് വിദ്യാർത്ഥികൾ ശേഖരിച്ച വസ്തുങ്ങൾ.

**ഉണങ്ങി മരങ്ങൾ നശിക്കുന്നു**

# വഴിയോര തണൽമരങ്ങളിൽ ആണിതറച്ച് പരസ്യബോർഡുകൾ

**ചാരുംമൂട്** ► നിയമവിരുദ്ധമായി തണൽമരങ്ങളിൽ ആണിതറച്ച് ബോർഡുകൾ സ്ഥാപിക്കുന്നത് തുടരുന്നു. കായംകുളം-പുനലൂർ റോഡിന്റെ വശങ്ങളിൽ നില്ക്കുന്ന മരങ്ങളിലാണ് ആണിതറച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്നത്. തണൽമരങ്ങളിൽ ആണി തറച്ച ഭാഗത്തുനിന്ന് ഉണങ്ങി മരങ്ങൾ നശിക്കുന്നു. കൊടുംവേനലിൽ വഴിയാത്രക്കാർക്ക് തണലേകുന്ന മരങ്ങളെയാണ് ഇത്തരത്തിൽ നശിപ്പിക്കുന്നത്.

കായംകുളത്തുനിന്ന് കിഴക്കോട്ട് അടൂർവരെയുള്ള ഇരുപതോളം മരങ്ങളിലാണ് ആണി തറച്ച് ബോർഡുകൾ വച്ചിട്ടുള്ളത്. സ്ഥാപനങ്ങൾക്ക് മുന്നറിയിപ്പുനൽകി ബോർഡുകളും ആണികളും നീക്കം ചെയ്യണമെന്ന് താമരക്കുളം വി.വി.എച്ച്.എസ്.എസ്. മാതൃഭൂമി സീഡ്ക്ലബ്ബ് ആവശ്യപ്പെട്ടു.



കെ.പി.റോഡരികിലെ മരത്തിൽ ആണിതറച്ച് സ്ഥാപിച്ച ബോർഡുകൾ

വനംവകുപ്പ് അധികൃതരുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവണം. കുറ്റക്കാർക്കെതിരേ നടപടി വേണം.



തണൽമരങ്ങളെ ഇത്തരത്തിൽ നശിപ്പിക്കുന്നതിനെതിരേ താമരക്കുളം വി.വി.എച്ച്.എസ്.എസ്. സീഡ് ക്ലബ് വനംവകുപ്പ് മന്ത്രിക്ക് 2012ൽ നിവേദനം നല്കി. ഇതേത്തുടർന്ന് തണൽമരങ്ങളിൽ ആണിതറച്ചും മറ്റും പരസ്യബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരേ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവിറക്കി. ഉത്തരവ് നിലവിൽ ഉണ്ടായിട്ടും മരങ്ങളിൽ ആണി തറച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്ന പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു.



ആർ.എസ്.അദ്വൈത് (സീഡ് റിപ്പോർട്ടർ, താമരക്കുളം വി.വി. എച്ച്.എസ്.എസ്.)

വഴിയോര തണൽമരങ്ങളുടെ ചുവട്ടിൽ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നതും പതിവ് കാഴ്ചയാണ്.

ചോദ്യം ചെയ്യപ്പെടാത്തത് കൊണ്ട് ഇതും ആവർത്തിക്കപ്പെടുകയാണ്. വനംവകുപ്പ് അധികൃതർ ഇത്തരം പ്രവർത്തനങ്ങൾക്കെതിരേയും കർശന നടപടി സ്വീകരിക്കണം.

# വഴിയോര തണൽമരങ്ങളിൽ ആണിയടിച്ച് സ്ഥാപിച്ചിരുന്ന പരസ്യബോർഡുകൾ നീക്കി

**ബോർഡുകൾ നീക്കിയത് മാതൃഭൂമി വാർത്തയെത്തുടർന്ന്**

**ബോർഡ് സ്ഥാപിച്ചവർ തന്നെ നീക്കി**

**ചാരുംമൂട്** ► വഴിയോര തണൽമരങ്ങളിൽ ആണിയടിച്ച് സ്ഥാപിച്ചിരുന്ന പരസ്യബോർഡുകൾ നീക്കി. കെ.പി.റോഡിന്റെ വശങ്ങളിൽ കായംകുളത്ത് മുതൽ കിഴക്കോട്ട് നൂറനാട് വരെ ഇരുപതോളം തണൽമരങ്ങളിലാണ് ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിച്ചിരുന്നത്. താമരക്കുളം വി.വി.എച്ച്.എസ്.എസിലെ സീഡ് റിപ്പോർട്ടർ ആർ.എസ്.അദ്വൈത് 'മാതൃഭൂമി'യിലൂടെ പ്രതികരിച്ചതിനെത്തുടർന്ന് ബോർഡുകൾ സ്ഥാപിച്ചവർതന്നെ നീക്കുകയായിരുന്നു.



കെ.പി.റോഡരികിൽ അഞ്ചാംകുറ്റി ഭാഗത്ത് മരത്തിൽ ആണിയടിച്ച് സ്ഥാപിച്ചിരുന്ന പരസ്യ ബോർഡ് (ഫയൽ ചിത്രം)




മരത്തിലെ ബോർഡ് നീക്കിയശേഷം

താമരക്കുളം വി.വി.എച്ച്.എസ്.എസ്. സീഡ് ക്ലബ്ബ് മരങ്ങളിൽ ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിച്ച് മരങ്ങളെ നശിപ്പിക്കുന്ന പ്രവണത 2012-ൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി.

ഇതേത്തുടർന്ന് മരങ്ങളെ നശിപ്പിക്കുന്നവർക്കെതിരേ നടപടി എടുക്കുന്നതിന് എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവ് ഇറക്കിയിരുന്നു. എങ്കിലും ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിലുടനീളം തുടരുന്നു.

ആണിയടിക്കുന്ന ഭാഗത്തുനിന്ന് ഉണങ്ങി മരങ്ങൾ നശിക്കുന്നു. ഇതിനെതിരേ ബോധവത്കരണം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മാത്രമേ തണൽമരങ്ങളെ സംരക്ഷിക്കാൻ കഴിയൂവെന്ന് സീഡ് ക്ലബ്ബ് അംഗങ്ങൾ പറഞ്ഞു.



# ***Famous English Proverbs***

**A good beginning makes a good ending.**

**A fool and his money are soon parted.**

**The bigger they are, the harder they fall .**

**Might is right.**

**Silence is Golden.**

**Crime does not pay**

**No man is an island.**

**Time is a great healer .**

**Bad news Travels fast.**

**Practice makes perfect.**

**God help those who help themselves.**

**Pride goes before a fall .**

**Famous English Proverbs.**




***Prepared by Krishnaunni....8.I***

# THE STICK THAT BROUGHT FORTUNE

Raghavan was a rich farmer .He had a lot of cattle and many farms for different plantation .He cultivated very much .He had three sons.All of them were very intelligent.Their father love them very much and spend luxuriously for them.They were brought up without knowing the miseries of life. One day Raghavan fell due to illness.All his sons stood beside and take care of him .At last he died of heart attack.Son could not bear the demise of their beloved father.Days passed they recovered from their .One day the eldest brother addressed the others brothers the past is past we have years and years to go ....leave it and begin a new life I am sure that our father might have kept a lot of money in his room

The three of them entered their fathers room and open the boxes one by one in each of them some clothes medicines and some records they could not find anything valuable .They became disappointed .They searched again .But they saw only a walking stick in a corner.The youngest son have some doubts.He took the walking stick then something strange inside it.The stick had some speciality.They removed the covering of the stick .Their eyes were dazzled .Becouse the stick was made of gold.They wondered each other.Three sons praised their father for he had done more than they expected.They felt shame for their mistake.They knew that their father had kept his wealth in the form of Gold .Later they led their life luxuriously and happy

*Story by* **Sidharth.P**

**ഈ വിസ്മയ**

**ചെപ്പിനായ്   കൈമെയ് മറന്ന ഏവർക്കും നന്ദി...........**